പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1836 | 14/08/2017-ൽ മറുപടിക്ക്

## ലാബ് ടെസ്റ്റുകൾ കുറ്റമറ്റതാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ആശുപത്രികളിലും പ്രൈവറ്റ് ലാബറട്ടറികളിലും രോഗം നിർണ്ണയിക്കുന്നതിനായി നടത്തുന്ന ലാബ് ടെസ്റ്റുകൾ പലതിനും കൃത്യതയില്ലാത്തതിനാൽ രോഗമില്ലാത്ത പലരെയും രോഗികളാക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)<br>ബി)<br>സി) | ഉണ്ട്. സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് നിലവിൽ സംവിധാനമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10/08/2017 ന് അവതരിപ്പിക്കുകയുണ്ടായി. ബിൽ നിയമമാകുന്ന മുറയ്ക്ക് ലാബുകളുടെ പ്രവർത്തന നിലവാരവും പരിശോധന നിലവാരവും കുറ്റമറ്റതാക്കുവാൻ സാധിക്കുന്നതാണ്. |
| ബി) | ലാബ് ടെസ്റ്റുകൾ കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയും; | | |
| സി) | കേരളത്തിൽ പല പ്രൈവറ്റ് ലാബുകളും സർക്കാരിന്റെ നിയമാനുസൃതമായ ഉത്തരവോടെയല്ല പ്രവർത്തിയ്ക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ കഴിയും; | | |
| ഡി) | കേരളത്തിലെ അംഗീകൃത ലാബുകളുടെ എണ്ണം എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ഡി) | കേരളത്തിലെ അംഗീകൃത ലാബുകളുടെ പൂർണ്ണമായ എണ്ണം ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല. |
| ഇ) | ആശുപത്രി ലാബുകളുടെയും, പ്രൈവറ്റ് ലാബുകളുടെയും പ്രവർത്തനം നിരീക്ഷിക്കാൻ ഓരോ ജില്ലയിലും പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | നിലവിൽ ജില്ല മെഡിക്കൽ ഓഫീസർമാരുടെ കീഴിൽ സ് ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ